ആദിവാസികൾക്കായി കേന്ദ്രത്തിൽനിന്നും വിട്ടുകിട്ടിയ ഭൂമി

*30 [90] ശ്രീ. കെ. രാധാകൃഷ്ണൻ :
,, ടി. പി. രാമകൃഷ്ണൻ :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികൾക്ക് നിക്ഷിപ്തവനഭൂമി പതിച്ചുനൽകുന്നതിന് കേന്ദ്ര സർക്കാരിനോട് വനഭൂമി വിട്ടുതരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ആദിവാസികൾക്ക് പതിച്ചുനൽകുന്നതിന് എത്ര ഏക്കർ ഭൂമി വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) ആദിവാസികൾക്കായി കേന്ദ്രം വിട്ടുതന്ന ഭൂമിക്കു പകരമായി അത്രയും ഭൂമിയിൽ വനവത്ക്കരണം നടത്തണമെന്ന കേന്ദ്ര നിർദേശം നടപ്പിലാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇതിനകം എത്ര ഏക്കർ വനഭൂമിയാണ് ആദിവാസികൾക്കായി വിതരണം ചെയ്യുന്നതിന് വിട്ടുതന്നിട്ടുള്ളതെന്നു പറയാമോ;

(ഇ) ഏതെല്ലാം വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് ഭൂമി നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

വനവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ) :

(എ) ഉണ്ട്. കാസർഗോഡ്, കണ്ണൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലെ കളക്ടർമാർ സമർപ്പിച്ച റിപ്പോർട്ട് പ്രകാരമുള്ള 12196.1829 ഹെക്ടർ വനഭൂമി ആദിവാസികൾക്ക് പതിച്ചു നൽകുന്നതിന് വിട്ടുതരണമെന്നാണ് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടത്.

(ബി) ആദിവാസികൾക്ക് പതിച്ചുനൽകുന്നതിന് എത്ര ഏക്കർ ഭൂമി വേണ്ടി വരുമെന്ന് വനം വകുപ്പ് കണക്കാക്കിയിട്ടില്ല.

(സി) ആദിവാസികൾക്ക് പതിച്ചു നൽകുന്നതിനായി ഒന്നാംഘട്ട കേന്ദ്രാനുമതി ലഭിച്ച 7693.2257 ഹെക്ടർ വനഭൂമിക്ക് പകരമായി സംസ്ഥാന വനം വകുപ്പിന്റെ നിയന്ത്രണത്തിലല്ലാത്ത 294.98 ഹെക്ടർ സ്ഥലം റിസർവ്വ് വനമായി പ്രഖ്യാപിച്ചു കൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ശേഷിച്ച ഭൂമി കൂടി ഏറ്റെടുത്ത് വനഭൂമിയായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) വനഭൂമിയൊന്നും കേന്ദ്ര സർക്കാർ വിട്ടു തന്നിട്ടില്ല. 7693.2257 ഹെക്ടർ വനഭൂമി വിട്ടുകിട്ടുന്നതിന് കേന്ദ്ര സർക്കാർ ചില വ്യവസ്ഥകൾക്കു വിധേയമായി ഒന്നാംഘട്ട അനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് ഭൂമി വിട്ടുതരുന്നതിന് ഒന്നാംഘട്ട അനുമതി നൽകിയിട്ടുള്ളത്.

(1) ആദിവാസികൾക്ക് ലഭിക്കുന്ന ഭൂമിയിൽ പിൻതുടർച്ചാവകാശം ഉണ്ടെങ്കിലും കൈമാറ്റം ചെയ്യാൻ പാടില്ല.

(2) രണ്ടാംഘട്ട അനുമതിക്കുമുൻപായി മേലിൽ ആദിവാസികൾക്ക് വിതരണം ചെയ്യാനായി വനഭൂമി ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിനെ സമീപിക്കരുത്.

(3) താഴെപ്പറയുന്ന വിഭാഗത്തിൽപ്പെട്ട വനം വകുപ്പിന്റെ പൂർണ്ണ അധീനതയിലല്ലാത്ത 13223.31 ഹെക്ടർ സ്ഥലം വനം വകുപ്പിന്റെ അധീനതയിൽ കൊണ്ടുവരുകയും വനനിയമം സെക്ഷൻ 4 പ്രകാരം റിസർവ്വ് വനമായി വിജ്ഞാപനം നടത്തി പരിപാലിച്ച് പകര വനവൽക്കരണത്തിന്റെ പരിധിയിൽ കൊണ്ടുവരികയും ചെയ്യണം.

(i) സ്വകാര്യവ്യക്തികളുടെ കൈയിൽ നിന്നും പാരിസ്ഥിതികപരമായി ദുർബ്ബലമായ 11000 ഹെക്ടർ സ്ഥലം.

(ii) പ്ളാന്റേഷൻ കോർപ്പറേഷന്റെ കീഴിലുള്ള 70 ഏക്കർ നിബിഡ വൃക്ഷ സ്ഥലമായ ആലക്കോട് എസ്റ്റേറ്റ്.

(iii) റവന്യൂ വകുപ്പിന്റെയും മറ്റു അതോറിറ്റികളുടെയും സ്വകാര്യ വ്യക്തികളുടെയും കൈയിലുള്ളതും കണ്ണൂർ, കാസർഗോഡ്, കോഴിക്കോട് ജില്ലകളിൽപ്പെട്ടതുമായ 1160 ഹെക്ടർ കണ്ടൽ വനം.

(iv) കണ്ണൂർ ജില്ലയിൽ 50 ഹെക്ടർ സ്ഥലം ആനത്താരയായി ഏറ്റെടുക്കുക.

(v) സുഗന്ധഗിരി, പൂക്കോട് എസ്റ്റേറ്റുകളിൽ ലഭ്യമായ യഥാക്രമം 463.171 ഹെക്ടർ 189.60 ഹെക്ടർ നിബിഡ വനം.

(vi) കോഴിക്കോട്, കണ്ണൂർ ജില്ലകളിലുള്ള യഥാക്രമം 40 ഹെക്ടറും 250 ഹെക്ടറും വരുന്ന സ്വകാര്യവനം.

(4) മുകളിൽപ്പറഞ്ഞിരിക്കുന്ന സ്ഥലങ്ങൾ സർക്കാരിലേക്ക് വീണ്ടെടുത്ത് വനവത്ക്കരണം നടത്തുന്നതിലേക്കായി സംസ്ഥാന ബഡ്ജറ്റിൽ തുക വകകൊള്ളിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(5) മേൽപ്പറഞ്ഞ പ്രോജക്ട് സംസ്ഥാന വനം വകുപ്പ് നടപ്പിൽ വരുത്തണമെന്നും അതിനായി റീഹാബിലിറ്റേഷൻ കമ്മീഷണറായി ഒരു വനംവകുപ്പ് ഉദ്യോഗസ്ഥനെ നിയമിച്ച് പരിഹാര വനവൽക്കരണ തിന് ലഭിക്കുന്ന പ്രദേശം സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യേണ്ടതാണ്. ആദിവാസികളുടെ സമഗ്ര പുനരധിവാസവും ഉന്നമനവും റീഹാബിലിറ്റേഷൻ കമ്മീഷണറുടെ പൂമതലയിൽ നടപ്പാക്കേണ്ടതാണ്.

(6) നിലവിലുള്ള കേരള ഭൂമി പതിച്ചുനൽകൽ ചട്ടങ്ങൾ ആദിവാസി കൾക്ക് ഭൂമി പതിച്ചു നൽകാനുള്ള കേന്ദ്ര സർക്കാർ ഉത്തരവിന് ബാധകമാവുകയില്ല.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ

1 [284] ഡോ. തോമസ് ഐസക് :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
,, ടി. കെ. ബാലൻ :
,, മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്ത്രണ്ടാം ധനകാര്യ കമ്മീഷനുമായി സംസ്ഥാന സർക്കാർ ചർച്ച നടത്തിയോ;

(ബി) ധനകാര്യ കമ്മീഷന് സമർപ്പിച്ച നിവേദനത്തിൽ എന്തെല്ലാം കാര്യങ്ങൾ പരിഗണിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാന സർക്കാർ സമർപ്പിച്ച നിവേദനത്തിന്റെ കോപ്പി മേശപ്പുറത്തു വയ്ക്കുമോ;

(ഡി) കേന്ദ്ര സഹായം നല്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണമെന്ന് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഇ) കേരളത്തിന്റെ ആവശ്യത്തോട് കമ്മിഷന്റെ നിലപാട് എന്താണെന്ന് അറിയിക്കാമോ; പതിനൊന്നാം ധനകാര്യ കമ്മീഷൻ അവാർഡ് കേരളത്തിന് ഗുണകരമായിരുന്നോ?

LIBRARY ARCHIVES Kerala Legislative Assembly